"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - കവടിയാർ - വഴയില റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 589/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.539/2026/LSGD തീയതി,തിരുവനന്തപുരം, 02-03-2026

പരാമർശം:-
1. സ.ഉ.(സാധാ) നം.1827/2025/തസ്വഭവ തീയതി 25/07/2025.
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 28/11/2025 തീയതിയിലെ എ3/2778/2025/ടിഡ നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം.39/2026/തസ്വഭവ തീയതി 05/01/2026.
4. ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-2026 - ഉപധനാഭ്യർത്ഥന - ഡിമാന്റ് നം. XXII - നഗരവികസനം - ക്രമ. നം. (സി).

**<u>ഉത്തരവ്</u>**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്ന് വില്ലേജിൽ സർവ്വേ നം. 58-ൽ ഉൾപ്പെട്ട 0.62 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 589/10 നമ്പർ കേസിൽ പരാമർശം(1) പ്രകാരം അനുവദിച്ചിരുന്ന വിധിക്കടത്തുകയായ 61,47,236/- രൂപ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ കെട്ടിവച്ചിട്ടുള്ളതാണെന്നും ഈ എൽ.എ.ആർ. കേസിലെ അവശേഷിക്കുന്ന ബാലൻസ് തുകയായ 1,07,511/- രൂപ (ഒരു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി പതിനൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം(2) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). മേൽ പരാമർശിച്ച എൽ.എ.ആർ. 589/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,07,511/- രൂപ (ഒരു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി പതിനൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി സ്മിത ദേവരാജ്-ന് '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

3). പരാമർശം(3) ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള എൽ.എ.ആർ.589/2010 നമ്പർ കേസിലെയും തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്തിട്ടുള്ളതുമായ മറ്റ് സമാന എൽ.എ.ആർ. കേസുകളിലെയും ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിനായി പരാമർശം(3) ഉപധനാഭ്യർത്ഥന പ്രകാരം 2,80,05,000/- രൂപ '4217-60-800-93 Payment of

compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

4). മേൽ പ്രകാരമുള്ള ഭരണാനുമതിയുടെയും ഉപധനാഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ-വഴയില റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്ന് വില്ലേജിൽ സർവ്വേ നം. 58-ൽപ്പെട്ട 0.62 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 589/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ **1,07,511/- രൂപ (ഒരു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി പതിനൊന്ന് രൂപ മാത്രം)** ടി കേസിലെ കക്ഷിയായ ശ്രീമതി സ്മിത ദേവരാജ്-ന് അനുവദിക്കുന്നതിനായി **'4217-60-800-93 Payment of compensation in LAR Cases (Plan - Charged)'** എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പിൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.+

ജില്ലാ കളക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.

ശ്രീമതി സ്മിത ദേവരാജ്, സിതാര, അമ്പലമുക്ക്, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (WCD-3/28/2026/FIN. dated 23.02.2026).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/437/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 02-03-2026 11:48:13

സെക്ഷൻ ഓഫീസർ